പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അറുപത്തിരണ്ടാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-2014)-യുടെ ഏഴാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2014-2016)

## അറുപത്തിരണ്ടാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2011-2014)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

351/2016.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| മുഖവുര .. | vii |
| റിപ്പോർട്ട് .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ .. | 9 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം അറുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2011-2014)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ, 2003-04 മുതൽ 2005-06 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിലെ കണ്ണൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ ഏഴാമത് റിപ്പോർട്ട് (കണ്ണൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ചത്) 2012 മാർച്ച് 21-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 11 ശിപാർശകളാണുണ്ടായിരുന്നത്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 17-9-2014-ലെ യോഗം പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു.

ഖണ്ഡിക 7, 25(1), 25(2) എന്നിവയിലെ ശിപാർശ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടി തൃപ്തികരമല്ലാത്തതിനാൽ അധികവിവരം ആരാഞ്ഞിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത ശിപാർശകളും സർക്കാർ മറുപടിയും സമിതി നൽകിയ തുടർ ശിപാർശകളും അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു.

സർക്കാരിൽ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽനിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും സർക്കാർ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടികളും അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരുന്നു.

## അദ്ധ്യായം I

## സർക്കാർ മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി തുടർശിപാർശ നൽകിയ ഖണ്ഡികകൾ

### 7-ാം ഖണ്ഡികയിലെ ശിപാർശ

1.1.1 കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ക്രമവിരുദ്ധമായി വായ്പയായി അനുവദിച്ച 25 ലക്ഷം രൂപ തിരികെ ഈടാക്കാനുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി അടിയന്തരമായി തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

1.1.2 കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് (DELCO) പ്രവർത്തന മൂലധന വായ്പയായി അനുവദിച്ച 25 ലക്ഷം രൂപ വസൂലാക്കുന്നതിന് വേണ്ടി 15-5-2013-ലെ RR/2013/3050/13-ാം നമ്പർ റിക്വിസിഷൻ പ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ ഓൺലൈൻ ആയി അപേക്ഷിച്ചിരുന്നു. റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കി തുക അടിയന്തരമായി ഈടാക്കണമെന്ന 17-6-2013-ലെ 24868/എസി1/12/തസ്വഭവ. നമ്പർ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് 29-7-2013-ലെ ബി3-1537/01 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിരുന്നു.

കുടിശ്ശികക്കാരായ ശ്രീ. ടി. അജയൻ, ശ്രീ. ഉണ്ണികൃഷ്ണൻ, ശ്രീ. പ്രാന്തോടി സജീവൻ എന്നിവരിൽ നിന്നും 25,00,000 രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി ആക്ട് 1968 സെക്ഷൻ 69(3) പ്രകാരമുള്ള റവന്യൂ റിക്കവറി സർട്ടിഫിക്കറ്റ് (ഫോറം 25) ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നൽകിയതായും കുടിശ്ശിക അടയ്ക്കുവാൻ കുടിശ്ശികക്കാർ തയ്യാറാകാത്തതിനെ തുടർന്ന് ടി സ്ഥാപനത്തിന്റെ പേരിലുള്ള ജെ.സി.ബി., റോഡ്റോളർ, 407 ടെമ്പോ, ബൊലേറൊ എന്നീ വാഹനങ്ങൾ ജപ്തി ചെയ്യുന്നതിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് കണ്ണൂർ തഹസിൽദാർ നിർദ്ദേശം നൽകിയതായും 20-11-2013-ലെ ജി5-39980/2013 നമ്പർ കത്ത് പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

റവന്യൂ റിക്കവറി നടപടിയിലൂടെ DELCO-ൽ നിന്നും തുക വസൂലാക്കി ജില്ലാ പഞ്ചായത്തിന് ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത വിവരം അറിയിക്കുന്നതാണെന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## തുടർശിപാർശ

1.1.3 **ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി, സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## 25(1)-ാം ഖണ്ഡികയിലെ ശിപാർശ

1.2.1 പാലേമാട് ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നിന്നും ഈടാക്കുവാൻ അവശേഷിക്കുന്ന 76,500 രൂപ ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

1.2.2 പാലേമാട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് അനുവദിച്ച പ്രവർത്തന മൂലധനമായ 1,00,000 രൂപ തിരിച്ചുപിടിക്കുന്നതിന് 12-6-2009-ന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ സാമ്പത്തിക പ്രയാസംമൂലം ഉല്പാദനം നടത്താൻ കഴിയാതെ വന്നതിനാൽ തുക പ്രതിമാസഗഡുക്കളായി അടവാക്കുന്നതിന് അനുമതി അഭ്യർത്ഥിച്ചുകൊണ്ട് 24-6-2009-ന് സംഘം അപേക്ഷ സമർപ്പിച്ചിരുന്നു. ഈ അപേക്ഷ 27-6-2009-ലെ ജില്ലാ പഞ്ചായത്ത് യോഗം പരിഗണിക്കുകയും 15-7-2009-ന് മുമ്പായി 10,000 രൂപ അടവാക്കുന്നതിനും ബാക്കി തുക 4,500 രൂപ വീതമുള്ള തുല്യഗഡുക്കളായി അടവാക്കുന്നതിനും അനുമതി നൽകി തീരുമാനിച്ച ആയതിന്റെ അടിസ്ഥാനത്തിൽ പാലേമാട് സൊസൈറ്റി 15-7-2009-ലെ 93130/51-ാം നമ്പർ രശീതി പ്രകാരം 10,000 രൂപാ 19-8-2009-ലെ 93130/78-ാം നമ്പർ രശീതി പ്രകാരം 4,500 രൂപ, 25-9-2009-ലെ 93130/95-ാം നമ്പർ രശീതി പ്രകാരം 4,500 രൂപ, 30-10-2009-ലെ 93131/19-ാം നമ്പർ രശീതി പ്രകാരം 4,500 രൂപ, 23-1-2010-ലെ 93131/37-ാം നമ്പർ രശീതി പ്രകാരം 4,500 രൂപ, 6-9-2011-ലെ 93137/99-ാം നമ്പർ രശീതി പ്രകാരം, 4,500 രൂപ, 30-3-2012-ലെ 93139-ാം നമ്പർ രശീതി പ്രകാരം 4,500 രൂപ, 5-10-2012-ലെ 1120610028-ാം നമ്പർ രശീതി പ്രകാരം 4,500 രൂപ, 7-12-2012-ലെ 1120610077 നമ്പർ രശീതി പ്രകാരം 4,500 രൂപ, 27-3-2013-ലെ ബുക്ക് നമ്പർ 2624346 രശീതി നമ്പർ 11206100191 പ്രകാരം 4,500 രൂപ, 15-5-2013-ലെ ബുക്ക് നമ്പർ 2624453 രശീതി നമ്പർ 1130610034 പ്രകാരം 4,500 രൂപ എന്നിങ്ങനെ ആകെ 55,000 രൂപ (അൻപത്തയ്യായിരം രൂപ മാത്രം) ഇതുവരെ അടവാക്കിയിട്ടുണ്ട്. ബാക്കി തുക സംഘത്തിൽ നിന്ന് ലഭിക്കുന്നമുറയ്ക്ക് ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതാണെന്ന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ (ജില്ലാ പഞ്ചായത്ത്) അറിയിച്ചിട്ടുണ്ട്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട്</u>

1.2.3 പാലേമാട് ക്ഷീരോല്പാദക സഹകരണ സംഘത്തിന് അനുവദിച്ച പ്രവർത്തന മൂലധനമായ ഒരു ലക്ഷം രൂപയിൽ നാളിതുവരെയായി 68,500 രൂപ തിരിച്ചുപിടിച്ച് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. 31,500 രൂപ കൂടി ഈടാക്കാനവശേഷിക്കുന്നുണ്ട്.

<u>തുടർശിപാർശ</u>

1.2.4 **ഈടാക്കുവാൻ ബാക്കിനിൽക്കുന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാനാവശ്യമായ നടപടി ത്വരിതപ്പെടുത്തി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## 25(2)-ാം ഖണ്ഡികയിലെ ശിപാർശ

1.3.1 തൊഴുവാന്നൂർ വനിതാ ഗാർമെന്റ് സൊസൈറ്റിക്ക് ക്രമവിരുദ്ധമായനുവദിച്ച 62,200 രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. സലീം ബി. ഖേർ-ൽ നിന്നും അടിയന്തരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

1.3.2 തൊഴുവാന്നൂർ വനിതാ സൊസൈറ്റിക്ക് പ്രവർത്തന മൂലധനമായി അനുവദിച്ചിരുന്ന 62,200 രൂപ സൊസൈറ്റിയിൽ നിന്നും തിരിച്ചുപിടിക്കാൻ സാധിക്കാതെവന്നതിനാൽ അന്നത്തെ നിർവഹണോദ്യോഗസ്ഥനെ കണ്ടുപിടിച്ച് തുക തിരിച്ചുപിടിക്കാൻ നിയമസഭാ സമിതിയുടെ ഉത്തരവ് പ്രകാരം നടപടികൾ ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. സലിം ബി. ഖേറിന് 23-10-2009-ലെ പി1-2711/07 നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നു. നോട്ടീസിനെതിരെ നിർവ്വഹണ ഉദ്യോഗസ്ഥൻ 29-11-2009-ന് സമർപ്പിച്ച തടസ്സവാദങ്ങൾ പരിശോധിച്ചതിൽ ആയവ നിലനിൽക്കുന്നതല്ല എന്ന് കണ്ടതിനാൽ തുക തിരിച്ചടവാക്കുന്നതിന് 15 ദിവസത്തെ സമയം അനുവദിച്ചുകൊണ്ട് 22-12-2009-ലെ പി1-2711/07 നമ്പർ കത്തിൽ വീണ്ടും നിർദ്ദേശം നൽകിയിരുന്നു. എന്നിട്ടും തുക തിരിച്ചടവാക്കാത്തതിനാൽ മേൽ പ്രവൃത്തിക്ക് മൂലധനമായി അനുവദിച്ചിരുന്ന തുകയായ 62,200 രൂപ തിരിച്ചുപിടിക്കുന്നതിന്റെ ഭാഗമായി തിരൂർ തഹസിൽദാറിന്റെ പി.ആർ.8110/11/എം.എസ്.സി.ഡി3-2927/11 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്ക് ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സൊസൈറ്റിക്ക് പ്രവർത്തന മൂലധനമായി അനുവദിച്ചിരുന്ന 62,200 രൂപ റിക്കവറി നടപടികളുടെ ഭാഗമായി 12 തവണകളിലൂടെ ആകെ 20,800 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് തിരൂർ തഹസിൽദാർ മുഖേന ലഭിച്ചിട്ടുണ്ടെന്നും മാനേജർ ആർ.ഇ.ടി.എസ്. (ജില്ലാ പഞ്ചായത്ത്) മേൽ തുക 8448-109-95-01 എന്ന ശീർഷകത്തിൽ ചെലാൻ സഹിതം ഗവൺമെന്റ് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെന്നും ചെലാൻ പകർപ്പ് ജില്ലാ പഞ്ചായത്തിൽ തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ടെന്നും സംഘത്തിൽ നിന്നും ബാക്കി ലഭിക്കാനുള്ള തുകയ്ക്ക് തിരൂർ തഹസിൽദാർ ഡിമാന്റ് ഡ്രാഫ്റ്റ് അയച്ചുകൊടുക്കുന്ന മുറയ്ക്കുതന്നെ മാനേജർ ആർ.ഇ.ടി. (ജില്ലാ പഞ്ചായത്ത്) സർക്കാർ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ചെലാൻ മുഖാന്തിരം അയയ്ക്കുന്നതാണെന്നും മാനേജർ അറിയിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട്

1.3.3 തൊഴവാന്നൂർ വനിതാ ഗാർമെന്റ് സൊസൈറ്റിക്ക് പ്രവർത്തന മൂലധനമായി അനുവദിച്ച 62,200 രൂപയിൽ 20,800 രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ 12 തവണകളായി ഈടാക്കിയിട്ടുണ്ട്. 41,400 രൂപ ഇനിയും ഈടാക്കാനവശേഷിക്കുന്നുണ്ട്.

തുടർശിപാർശ

**1.3.4 ഈടാക്കുവാൻ ബാക്കിനിൽക്കുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി, സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം II

## സർക്കാരിൽ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽനിന്ന് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടിയും

3-ാം ഖണ്ഡികയിലെ ശിപാർശ

2.1.1 മലബാർ ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റിക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാന്റായി അനുവദിച്ച 36 ലക്ഷം രൂപ അമ്യൂസ്മെന്റ് പാർക്കിനായി സ്ഥലം വാങ്ങുന്നതിനാണ് വിനിയോഗിച്ചത് എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.1.2 ലോക്കൽ ഫണ്ട് ഓഡിറ്റ് കണ്ണൂർ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 10-6-2013-ലെ എൽ.എഫ്./കെ.എൻ.ആർ/ബി1-511/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

10-ാം ഖണ്ഡികയിലെ ശിപാർശ

2.2.1 ഏഴോം പട്ടികജാതി യന്ത്രവൽകൃത കയർപിരി സംഘത്തിനു നൽകിയ വായ്പാതുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക തിരിച്ചടച്ചിട്ടുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.2.2 ലോക്കൽ ഫണ്ട് ഓഡിറ്റ് കണ്ണൂർ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 10-6-2013-ലെ എൽ.എഫ്./കെ.എൻ.ആർ/ബി1-511/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

13-ാം ഖണ്ഡികയിലെ ശിപാർശ

2.3.1 വിവിധ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നൽകിയ തുകയിൽ ചെലവഴിക്കാതെ തിരിച്ചടയ്ക്കേണ്ട തുക പലിശയടക്കം തിരിച്ചടച്ചത് ഓഡിറ്റ് വകുപ്പിന് ബോദ്ധ്യപ്പെടുന്നപക്ഷം പ്രസ്തുത പരാമർശം ഓഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.3.2 തുക പലിശയടക്കം തിരിച്ചടച്ചതിന്റെ ചെലാൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ കണ്ണൂർ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 10-6-2013-ലെ എൽ.എഫ്/കെ.എൻ.ആർ/ബി1-511/2013 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

17-ാം ഖണ്ഡികയിലെ ശിപാർശ

2.4.1 ചൊക്ലി എസ്.സി./എസ്.ടി. പ്രസ്സ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കനുവദിച്ച തുകയുടെ വിനിയോഗ രേഖകളും ബാക്കി തുക തിരിച്ചടച്ചതിന്റെ രേഖകളും ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയതായി ഗവൺമെന്റ് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.4.2 കണ്ണൂർ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 10-6-2013-ലെ എൽ.എഫ്/കെ.എൻ.ആർ/ബി1-511/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

20-ാം ഖണ്ഡികയിലെ ശിപാർശ

2.5.1 ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി വൗച്ചർ അനുസരിച്ചുള്ള ഫർണിച്ചർ എല്ലാമുണ്ടോ എന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.5.2 പ്രസ്തുത വിഷയത്തിൽ ഭൗതിക പരിശോധന നടത്തി വൗച്ചർ അനുസരിച്ചുള്ള ഫർണിച്ചർ എല്ലാം ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

25(3)-ാം ഖണ്ഡികയിലെ ശിപാർശ

2.6.1 വാഴക്കാട് അലൂമിനിയം വ്യവസായ സഹകരണ സംഘത്തിന് ക്രമവിരുദ്ധമായി നൽകിയ തുകയിൽ ഈടാക്കാൻ അവശേഷിക്കുന്ന 48,000 രൂപ ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.6.2 വാഴക്കാട് അലൂമിനിയം വ്യവസായ സഹകരണ സംഘത്തിന് ക്രമവിരുദ്ധമായി നൽകിയ 1,40,000 രൂപ പൂർണ്ണമായും തിരിച്ചടവാക്കിയ വിവരം സമിതിയെ അറിയിക്കുന്നു.

30-ാം ഖണ്ഡികയിലെ ശിപാർശ

2.7.1 തിരൂരങ്ങാടി താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പുതിയ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി. വിഭാഗം തയ്യാറാക്കിയ വർക്ക് ബിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് നൽകുകയും പ്രസ്തുത രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.7.2 മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 31-5-2013-ലെ എൽ.എഫ്.എം.19/705/2013 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

35-ാം ഖണ്ഡികയിലെ ശിപാർശ

2.8.1 സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി ഒതുക്കുങ്ങൽ സർവ്വീസ് സഹകരണ ബാങ്കിന് കെട്ടിടം പണിയാൻ ജില്ലാപഞ്ചായത്ത് അനുവദിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അടിയന്തരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.8.2 ഒതുക്കുങ്ങൽ സർവ്വീസ് സഹകരണ ബാങ്കിന് കെട്ടിടം പണിയാൻ പദ്ധതി വിഹിതത്തിൽ നിന്നും 6,55,852 രൂപ ചെലവഴിച്ച ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് 17-8-2010-ലെ സ.ഉ. (സാധാ.) നമ്പർ 2762/10/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ സാധൂകരണം നല്കിയ വിവരം ബഹു. സമിതിയെ അറിയിക്കുന്നു.

39-ാം ഖണ്ഡികയിലെ ശിപാർശ

2.9.1 ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള 13 മാർഗ്ഗരേഖകളും അനുസരിച്ചാണ് സ്കിൽ ഡെവലപ്മെന്റ് സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.9.2 കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 6-11-2012-ലെ എൽ.എഫ്/കെ.കെ.ഡി.എസ്1/796/2012 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

43-ാം ഖണ്ഡികയിലെ ശിപാർശ

2.10.1 ജില്ലാ പഞ്ചായത്തിന്റെ ആസ്ഥാന മന്ദിരനിർമ്മാണവുമായി ബന്ധപ്പെട്ട അധികച്ചെലവുണ്ടായതിന്റെ രേഖകൾ, മേൽക്കൂര നിർമ്മാണത്തിൽ അധികരിച്ച് ചെലവാക്കിയ 8 ലക്ഷം രൂപയ്ക്കു ലഭ്യമായ സർക്കാർ സാധൂകരണത്തിന്റെ രേഖകൾ എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.10.2 കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 6-11-2012-ലെ എൽ.എഫ്./കെ.കെ.ഡി.എസ്1/796/2012 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

<u>അനുബന്ധം</u>

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശങ്ങൾ |
|---|---|---|---|
| 1 | 1.1.3 | തദ്ദേശസ്വയംഭരണം | ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി, സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 1.2.4 | ,, | ഈടാക്കുവാൻ ബാക്കിനിൽക്കുന്ന തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുവാനാവശ്യമായ നടപടി ത്വരിതപ്പെടുത്തി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 1.3.4 | ,, | ഈടാക്കുവാൻ ബാക്കിനിൽക്കുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി, സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.